# നാട്ടിക വെസ്റ്റ്

## കെ. എം. യു. പി. സ്കൂൾ

### പി. ഒ. നാട്ടിക ബീച്ച്

# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 – 2026

# <u>ഉള്ളടക്കം</u>

1. ആമുഖം

2. ലക്ഷ്യങ്ങൾ

3 വിദ്യാലയത്തിന്റെ ലഘുചരിത്രം

4 വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

5 പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

6 മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

7 പദ്ധതി വിശദാംശങ്ങൾ

(മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പ ത്തിക വിശകലനം)

8 പ്രതീക്ഷിത നേട്ടങ്ങൾ

9 മോണിട്ടറിംഗ്

10 ഉപസംഹാരം

# ആമുഖം

സമഗ്രഗുണമേന്മ വർഷമായി പ്രഖ്യാപിച്ച 2025-26 അധ്യയനവർഷം പാഠ്യപദ്ധതികളിലും മൂല്യ നിർണ്ണയവീതികളിലും വരുത്തിയ മാറ്റങ്ങൾക്കനുസൃതമായി വിദ്യാലയത്തിൽ ഗുണപരമായ മാറ്റങ്ങൾക്കും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തിരിയ്ക്കുകയാണ്. നാട്ടിക വെസ്റ്റ് കെ.എം.യു.പി. സ്കൂൾ തീരദേശത്തെ സാധാരണക്കാരായ ആളുകളുടെ മക്കളാണ് ഈ വിദ്യാലയത്തിൽ പഠിയ്ക്കുന്നത്.

കൃത്യമായ ആസൂത്രണത്തോടെ നാട്ടിക വെസ്റ്റ് കെ.എം.യു.പി. സ്കൂൾ ഏറ്റെടുത്തി അക്കാദമിക്ക് ആശയങ്ങളെയും പ്രവർത്തനങ്ങളെയും വിശദീകരിയ്ക്കുന്ന ആധികാരികരേഖയാണ് ഈ മാസ്റ്റർ പ്ലാൻ. അനുദിനം മാറിക്കൊണ്ടിരിയ്ക്കുന്ന ജീവിത സാഹചര്യങ്ങൾക്കനുസരിച്ച് വിദ്യാർത്ഥികൾക്കും സമൂഹ ത്തിനും ഭാവിതലമുറയ്ക്കും പ്രയോജനപ്പെടുന്ന വിധത്തിലാണ് ഇത് തയ്യാറായിരിയ്ക്കുന്നത്.

ഹ്രസ്വകാലം, ഇടക്കാലം, ദീർഘകാലം എന്നിങ്ങനെയുള്ള വിഭജനത്തിലൂടെയാണ് മാസ്റ്റർ പ്ലാനിലെ പ്രവർത്തനങ്ങളെ പ്രായോഗികതലത്തിലെത്തിയ്ക്കുന്നത്. വിദ്യാലയത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും ഭാഷാ വിഷയങ്ങളിൽ എഴുതുന്നതിനും വായിയ്ക്കുന്നതിനുമുൾപ്പെടെ ആശയവിനിമയം സാധിയ്ക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും ഭാഷേതര വിഷയങ്ങളിൽ അവരുടെ അഭിരുചി വികസിപ്പിയ്ക്കുകയും തല്പരരാക്കുകയും ചെയ്യുക എന്നീ പ്രവർത്തനങ്ങളാണ് ഹ്രസ്വകാല പദ്ധതിയിൽ ഉൾപ്പെടുത്തിയിരി യ്ക്കുന്നത്. ഒരു അക്കാദമിക വർഷത്തിൽ നടപ്പിലാക്കാൻ സാധിയ്ക്കുന്ന പ്രവർത്തനങ്ങളുടെ വിശദീ കരണമാണ് ഇടക്കാല പദ്ധതിയിൽ തയ്യാറാക്കിയിരിയ്ക്കുന്നത്. വിദ്യാലയത്തിലെ അക്കാദമികവും അടി സ്ഥാന സൗകര്യവികസനവും ലക്ഷ്യമാക്കി പൊതുജന പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാൻ ഉദ്ദേശി യ്ക്കുന്ന പ്രവർത്തനങ്ങളാണ് ദീർഘകാല പദ്ധതിയിൽ ഉൾപ്പെടുത്തിരിയ്ക്കുന്നത്.

വിദ്യാഭ്യാസ സ്ഥാപനത്തിൻരെ സാധ്യതകൾ, അക്കാദമിക ലക്ഷ്യങ്ങൾ, മുൻഗണനകൾ, വിഭവങ്ങ ളുടെ വിനിയോഗം, പ്രവർത്തന പദ്ധതികൾ, സ്വപ്ന സാക്ഷാത്ക്കാരങ്ങൾ എന്നിവയുടെ സംക്ഷിപ്ത രുപം ഈ മാസ്റ്റർ പ്ലാനിൽ കാണാവുന്നതാണ്. ഞങ്ങളുടെ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ സമഗ്ര വളർച്ചയ്ക്ക് അനുകൂലമായ അക്കാദമിക - കായിക - ആരോഗ്യ - വിവരസാങ്കേതികവിദ്യ സാഹചര്യ ങ്ങളാണ് ഈ മാസ്റ്റർ പ്ലാനിൽ പരിഗണിച്ചിരിയ്ക്കുന്നത്.

പ്രതീക്ഷയുണർത്തുന്നതും പ്രചോദാത്മകവുമാണ് നാട്ടിക വെസ്റ്റ് കെ.എം.യു.പി. സ്കൂളിന്റെ മാസ്റ്റർ പ്ലാൻ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ, സാധ്യതകളുടെ അടിസ്ഥാനത്തിൽ ഓരോ ഘട്ടത്തിലും ഉയർന്നുവരുന്ന അക്കാദമിക ആവശ്യകതയുടെ അടിസ്ഥാനത്തിൽ ഈ മാസ്റ്റർ പ്ലാൻ നവീകരിയ്ക്കപ്പെ ടുന്നതാണ്.

## ലക്ഷ്യങ്ങൾ

1 അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കൽ

2 ഗുണമേന്മ വിദ്യാഭ്യാസം പ്രചരണ പ്രവർത്തനങ്ങൾ

3 ഭാഷാപരമായ ശേഷിയുടെ സമഗ്രമായ വികാസം

4 ഗണിതം മധുരമാക്കൽ, ശാസ്ത്രപഠനം രസകരമാക്കൽ

5 ശാസ്ത്രലാബ്, ലൈബ്രറി ശാക്തീകരണം

6 ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ

7 സാങ്കേതിക വിദ്യാസൗഹൃദ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ

8 പ്രതിഭകൾക്കും, പിന്നാക്കം നിൽക്കുന്നവർക്കും പ്രത്യേക പരിശീലനം

9 സർഗാത്മക കഴിവുകളുടെ പരിപോഷണം

10 ആരോഗ്യകായിക വിദ്യാഭ്യാസം

11 ഗവേഷണ പ്രവർത്തനങ്ങൾ

12 മൂല്യനിർണ്ണയ രീതി ശാസ്ത്രം കാര്യക്ഷമമാക്കൽ/ പരിഷ്കരിക്കൽ

13 ഭരണപരമായ പ്രവർത്തനങ്ങൾ

14 മാലിന്യനിർമാർജനം

15 അധ്യാപക രക്ഷാകർത്തൃബന്ധം ശക്തമാക്കൽ

16 സുരക്ഷിത യാത്ര

17 വിദ്യാലയം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ

18 ഉച്ചഭക്ഷണ പദ്ധതി മെച്ചപ്പെടുത്തൽ

19 സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കൽ

20 ഭൗതികസാഹചര്യത്തിന്റെ വികസനം

21 വിദ്യാലയ മികവ് സമൂഹവുമായി പങ്കുവെക്കൽ

പ്രതിഭകളെ ആദരിക്കൽ

# വിദ്യാലയ ചരിത്രം

തൃശൂർ ജില്ലയിലെ നാട്ടിക ഗ്രാമ പഞ്ചായത്തിലെ 2.ാം വാർഡിലാണ് നാട്ടിക വെസ്റ്റ് കെ.എം.യു.പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്. ജനങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി 1930 ൽ ഈ വിദ്യാലയം ആരംഭിച്ചു. നാട്ടിക ഹിന്ദു ബോർഡ് സ്കൂൾ എന്നാണ് ആദ്യം അറിയപ്പെട്ടിരുന്നത്. ആറുകെട്ടി പ്രാപ്പനും അദ്ദേഹത്തിന്റെ മകൻ കുഞ്ഞിക്കുട്ടൻ എന്നിവരുമാണ് സ്കൂളിന് നേതൃത്വം നൽകിയത്. 1941 ൽ ശ്രീമതി. കൊച്ചുക്കുട്ടിയും കുഞ്ഞിക്കുട്ടനും വലപ്പാട് എലുവത്തിങ്കൽ കുഞ്ഞുവറീത് മാസ്റ്ററുമാണ് സ്കൂളിനെ ജില്ലാ ബോർഡിൽ നിന്നും എലിമെന്ററി സ്കൂളായി ഏറ്റെടുത്തത്. പിന്നീട് സ്കൂളിന്റെ പേര് കുഞ്ഞിക്കുട്ടൻ മെമ്മോറിയൽ വെസ്റ്റ് എലിമെന്ററി സ്കൂൾ എന്നായി മാറി. അക്കാലത്ത് പെൺകുട്ടികൾക്ക് പഠിക്കാൻ ഈ സ്കൂളിൽ അവസരമുണ്ടായിരുന്നില്ല. 1960 ൽ പെൺ കുട്ടികൾക്ക് കൂടി സ്കൂളിൽ പഠിക്കാനുള്ള അവസരം ലഭിച്ചു.അങ്ങനെ ധാരാളം കുട്ടികൾ സ്കൂളിൽ പഠിക്കാൻ തുടങ്ങി. നാട്ടുകാരുടേയും രക്ഷിതാക്കളുടേയും ശ്രമഫലമായി ഇന്ന് ഈ വിദ്യാലയം നാട്ടികയുടെ ഹൃദയഭാഗത്ത് പരിലസിക്കുകയാണ്.

പാഠ്യപാഠ്യേതര രംഗങ്ങളിൽ മികച്ച പ്രകടനം കാഴ്ച വെച്ചു കൊണ്ട് തീരദേശത്തെ മാതൃകാ വിദ്യാലയമായി മാറിയിരിക്കുകയാണ് ഈ വിദ്യാലയം.

# വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

**എന്റെ വിദ്യാലയം എന്റെ അഭിമാനം:-**

- പാഠ്യ - പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
- ശുചിത്വം, ദിനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹ ചര്യം ഒരുക്കൽ
- ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.
- പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താൽകാ ലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കു വാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.
- പരിമിതമായ സാഹചര്യങ്ങൾക്കുള്ളിൽ നിന്ന് കുട്ടികളുടെ കഴിവുകളെയും താൽപര്യങ്ങളെയും പരി പോഷിപ്പിക്കാൻ അധ്യാപകർ ശ്രമിക്കുന്നുണ്ട്. സജീവമായ ക്ലാസുകളിൽ പഠനാനുഭവങ്ങൾ നേരിട്ട റിയുകയും, ഐ.സി.ടി. പരമാവധി പ്രയോജനപ്പെടുത്തിയും, വൈഫൈ സൗകര്യങ്ങളിലൂടെയും, മികച്ച ക്ലാസ്സ് ലൈബ്രറി വഴിയും വിദ്യാലയം മികവിന്റെ കേന്ദ്രമാക്കി നിലനിന്നുപോരുന്നു.

## വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

**പേര് : ഹ്രസ്വകാല പദ്ധതി:–**

വിദ്യാലയത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും ഭാഷാവിഷയങ്ങളിൽ എഴുതുന്നതിനും വായിക്കുന്നതിനുമുൾപ്പടെ ആശയവിനിമയം സാധിക്കുന്നു എന്നുറപ്പ് വരുത്തുന്ന വിവിധ പദ്ധതികൾ നടത്തുന്നു. ഭാഷാ അസംബ്ലികൾ, മലയാള ഭാഷാ പഠനത്തിന് സഹായിക്കുന്ന കുഞ്ഞുല്ലാസം പുസ്തകം, English പഠന സഹായി, പാഠ്യേതരപ്രവർത്തനങ്ങളായ Dance, Music, Craft, Karatte, സ്ക്കൂൾ മേളകളുടെ നടത്തിപ്പ് എന്നിവ ഇതിൽ ഉൾപ്പെടുന്നു.

**ഇടക്കാലപദ്ധതി:–** ഒരു അക്കാദമി വർഷത്തിൽ നടപ്പിലാക്കാൻ സാധിക്കുന്ന വിവിധ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദ കലാലയം Zumba Dance ബോധവത്ക്കരണ ക്ലാസുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

**ദീർഘകാലം:–** വിദ്യാലയത്തിന്റെ ഭൗതികസാഹചര്യങ്ങളും അടിസ്ഥാന സൗകര്യ വികസനവും ലക്ഷ്യമാക്കി സ്ക്കൂൾ കെട്ടിടങ്ങളുടെ പുനർനിർമാണം, വെള്ളക്കെട്ട് പരിഹരിക്കൽ, ആധുനികവത്ക്കരണം (സ്മാർട്ട് ക്ലാസ്റൂമുകൾ) എന്നിവ നടപ്പാക്കുന്നു.

## പദ്ധതി രൂപീകരണണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ

1) നാട്ടിക വെസ്റ്റ് കെ.എം.യു.പി സ്കൂൾ - വിഷൻ 2024-25 എന്ന വികസന കാഴ്ചപ്പാട് S.R.G യോഗത്തിൽ അവതരിപ്പിക്കലും ചർച്ചയും.

2) വികസനാവശ്യങ്ങൾ സ്കൂൾ, ക്ലാസ്സ്, വിഷയം - അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം - സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

3) കരട് രൂപരേഖ S.R.G, SMC, PTA, MPTA തുടങ്ങിയവരടങ്ങുന്ന ശിൽപശാലയിൽ അവതരിപ്പിക്കൽ

4) ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിചേർക്കൽ

5) ടീച്ചേഴ്സിന്റെ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ

## പ്രതീക്ഷിത നേട്ടങ്ങൾ (കുട്ടികളുടെ  അക്കാദമിക മികവിന് ഊന്നൽ)

- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസരംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക്  തടയിടാൻ കഴിയുന്നു.
- എല്ലാ വിദ്യാർത്ഥികളും വായിക്കാനും എഴുതാനും അറിവുള്ളവരാണെന്ന് ഉറപ്പുവരുത്തുന്നു.
- കലാകായിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം എന്ന ആശയം സഫലീകരിക്കപ്പെടുന്നു.

# മോണിട്ടറിംഗ് രീതി

- ഉദ്യോഗസ്ഥതലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾതലം മുതൽ ശക്തമാക്കുന്നു.
- സോഷ്യൽ മോണിട്ടറിംഗ് രീതി പി.ടി.എ മെമ്പേഴ്സിനെ ഉൾപ്പെടുത്തി നടപ്പാക്കുന്നു.
- ദൈനംദിന മോണിട്ടറിംഗ് എച്ച്.എം/എസ്.ആർ.ജി കൺവീനർ എന്നിവരുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നു.
- ആഴ്ചയിൽ രണ്ട് ദിവസം (ചൊവ്വ, വ്യാഴം) കുട്ടികളുടെ നോട്ട് ബുക്ക് കറക്ഷന് അധ്യാപകർ സ്കൂൾ സമയം കഴിഞ്ഞ് ഒരു മണിക്കൂർ ചിലവഴിക്കുന്നു.

# ഉപസംഹാരം

നവലിബറൽ സാമ്പത്തിക നയങ്ങൾ പൊതുയിടങ്ങളെ അപ്രസ്ക്തമാക്കുന്ന വാർത്തകളാണ് അനുദിനം ലോകത്തും നമ്മുടെ രാജ്യത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാ പ്രക്രിയായ വിദ്യാഭ്യാസരംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമാ. ദോഷഫലങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ഈ യജ്ഞ ത്തിൽ പങ്കാളികളാകുക എന്നത് നമ്മുടെ കർത്തവ്യമാണ് . നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധ മായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കാനും കൂടുതൽ സമ്പുഷ്ട മാക്കുന്നതിനും ഈ അക്കാദമികമാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ – ഒറ്റ നോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷശേഷി വികസനം | • ചുറ്റുമതിൽ, ഗേറ്റ് | • പി.ടി.എ ശക്തിപ്പെടുത്തൽ |
| • ഗണിത ശേഷി വികസനം | • കളിസ്ഥലം | • എസ്.എം.സി., എസ്.എം.ഡി.സി കാര്യക്ഷമമാക്കൽ |
| • ഇംഗ്ലീഷ് പഠന പരിപോഷണം | • ചിൽഡ്രൻസ് പാർക്ക് | • വിദ്യാലയ വികസന സമിതി |
| • ശാസ്ത്രപോഷണ പരിപാടി | • ക്ലാസ്സ് മുറികൾ | • പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| • വായനാപരിപോഷണം | • ഓഫീസ് മുറി | • എസ്.എസ്.ജി |
| • ലൈബ്രറി ശാക്തീകരണം | • സ്റ്റാഫ് മുറി | • എൽ.എസ്.ജി. ബന്ധം |
| • ലബോറട്ടറി ആധുനിക വത്കരണം | • വിശ്രമമുറി | • ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ സന്നദ്ധ സംഘടനകൾ |
| • പ്രതിഭാ പോഷണ പരിപാടി | • കമ്പ്യൂട്ടർ മുറി | • പൂർവ്വാധ്യാപകർ, വിദ്യാഭ്യാസ പ്രവർത്തകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം |
| • നാടകക്കളരി | • ലൈബ്രറി | • ക്ലാസ്സ് പി.ടി.എ. മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ |
| • ജൈവ വൈവിധ്യ പാർക്ക് | • അടുക്കള | • വിദ്യാലയത്തിന്റെ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| • സാഹിത്യപോഷണ പരിപാടികൾ | • ഡൈനിംഗ് ഹാൾ | • വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ |
| • പഠന യാത്രകൾ | • അസംബ്ലി ഹാൾ | • ഭവന സന്ദർശനം |
| • സെമിനാറുകൾ | • കുടിവെള്ള വിതരണം | |
| • കലാ-കായിക മേള | • മാലിന്യ സംസ്കരണം | |
| • ഐ.ടി. പരിശീലനം | • ടോയിലറ്റ് | |
| • അദ്ധ്യാപിക ശാക്തീകരണം | • ചിത്ര രചന | |
| • ക്ലാസ്സ് പി.ടി.എ സജീവമാക്കൽ | • എന്റെ വീട്ടിലും കൃഷിത്തോട്ടം | |
| • സ്കൂൾ പത്രം / മാസിക | • എന്റെ ചെടി എനിക്കും പറയാനുണ്ട് | |
| • പ്രവൃത്തി പരിചയ പഠനം | | |
| • ഒന്നാം ക്ലാസ്സ് ഒന്നാംതരം | | |
| • എസ്.ആർ.ജി ശാക്തീകരണം | | |
| • ശാസ്ത്രാഭിരുചി വളർത്തൽ | | |

| അക്കാദമികം | ഭൗതികം | സാമൂഹികം |
| --- | --- | --- |
| • പച്ചക്കറിത്തോട്ടം<br>• രചനാ ശില്പശാല<br>• അഭിമുഖങ്ങൾ<br>• മെഡിക്കൽ ക്യാമ്പ്<br>• പോഷകാഹാര പരിപാടി<br>• ഒറിഗാമി ശില്പശാല<br>• ഗണിത ലാബ് ഗണിതാന്തരീക്ഷം<br>• ഭാഷലാബ്<br>• ടേം മൂല്യനിർണയം നിരന്തര വിലയിരുത്തൽ<br>• ദിനാചരണം<br>• കായിക പഠനം<br>• ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ | • ഭാഷോത്സവം<br>• ഗണിതോത്സവം<br>• മെട്രിക് മേള | |

## പദ്ധതി വിശദാംശങ്ങൾ

### മേഖല ഭൗതികം

| പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പുതിയ ബ്ലോക്ക് രൂപീകരണം | **ഒന്നാം ഘട്ടം**<br>വിദ്യാലയത്തിലെ പാഠ്യേതര പ്രവർച്ചനങ്ങൾക്കുതകും വിധം ജീവൻസ് ഡ്രീം ഓഡിറ്റോറിയത്തിൽ ടൈൽസ് വിരിച്ച് മനോഹരമാക്കി.<br><br>**രണ്ടാം ഘട്ടം**<br>പുതിയ ബ്ലോക്കിന്റെ നിർമ്മാണം പഴയ കെട്ടിടം പപൊളിച്ചുമാറ്റി നവീകരിച്ച് സൗകര്യം വർദ്ധിപ്പിക്കൽ | 2025-26 | PTA<br>അധ്യാപകർ<br>മാനേജർ | 50 ലക്ഷം മാനേജർ<br>OSA വികസന സമിതി |

## പദ്ധതി വിശദാംശങ്ങൾ

### മേഖല – അക്കാദമികം

| പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. Wifi Conncetion | എല്ലാ ക്ലാസുകളിലേക്കും ടി.വി. സൗകര്യമുള്ള പഠനാന്തരീക്ഷം ഒരുക്കിയിട്ടുണ്ട്. അത് പ്രവർത്തിപ്പിക്കാനുള്ള Wifi സംവിധാനം ഏർപ്പെടുത്തൽ. ഇതിലൂടെ പവർപോയിന്റ് പ്രസന്റേഷൻ ഉപകാരപ്രദമായ വീഡിയോസ് എന്നിവ പ്രദർശിപ്പിക്കാം. | 2025-26 | PTA<br>അധ്യാപകർ<br>മാനേജർ | വികസന സമിതി OSA |
| 2. കമ്പ്യൂട്ടർ ലാബ് | 600 ലധികം വിദ്യാർത്ഥികൾ പഠിക്കുന്ന ഞങ്ങളുടെ സ്കൂളിൽ വിദ്യാർത്ഥികൾക്ക് അനുപാതികമായി കമ്പ്യൂട്ടർ ഇല്ല. ആകെ ലാപ്ടോപാണ് ഉള്ളത് | 2025-26 | മാനേജർ<br>PTA<br>അധ്യാപകർ | 10 ലക്ഷം MLA Fund |
| 3. ശാസ്ത്ര ലാബ് | ശാസ്ത്ര ലാബ് വിപുലീകരിക്കുന്നു. പഠന സാമഗ്രികൾ പരീക്ഷണ വസ്തുക്കൾ എന്നിവ സൂക്ഷിക്കാൻ ഷെൽഫുകൾ നിർമ്മിക്കുന്നു. കുട്ടികൾക്ക് സ്വതന്ത്രമായി പരീക്ഷണം ചെയ്യാനുള്ള സ്ഥല സൗകര്യം ഒരുക്കുന്നു. | 2025-26 | മാനേജർ<br>PTA<br>അധ്യാപകർ | OSA |

**Name of Activity : Diary Entry**

**Sub region : Study English Language**

| Aim | Activities | Period | Duties | Financial Analysis |
|---|---|---|---|---|
| Ability to write English fluently and attain skill in writing | Write all the incidents happened in their day - to day life and write it in the Diary<br>Teacher appreciates them. Children have to present it in the classroom | 5 days in a week | English Teacher | |

**Name of Activity : Diary Corner**

**Sub region : Study English Language**

| Aim | Activities | Period | Duties | Financial Analysis |
|---|---|---|---|---|
| Create an atmosphere to study English language | Arrange periodicals, Magazines in the class-room. It is arranged in a corner as if everyone can see it. And news paper cuttings are pasted on this will be a board arrange for it | Per month | English Club | |

**Name of Activity : Class by English Expert**

**Sub region : Get confidence to speak improve speaking skill**

| Aim/Objectives | Activities | Period | Duties | Financial Analysis |
|---|---|---|---|---|
| Attain ability to speak with confidence in front of others. Especially in the classroom | Class by experts during summer vacation. This is given importance to their speaking skill | yearly | Eng Teacher and English club members | 1000/- PTA |

**Name of Activity : Diary Corner**

**Sub region : Study English Language**

| Aim | Activities | Period | Duties | Financial Analysis |
|---|---|---|---|---|
| Create an atmosphere to study English language | Arrange periodicals, Magazines in the class-room. It is arranged in a corner as if everyone can see it. And news paper cuttings are pasted on this will be a board arrange for it | Per month | English Club | |

## മലയാളം IV

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവുനേടുക | • പ്രദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിൽ എത്തിക്കൽ എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെയ്ക്കൽ | വർഷത്തിൽ രണ്ട് പ്രാവശ്യം | P.T.A & H.M | സ്പോൺസർഷിപ്പ് |
| • വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | • ഭവന സന്ദർശനത്തിലൂടെ കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തൽ<br>• പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ<br>• അവ ക്ലാസ് ലൈലൈബ്രറിയിൽ ഉപയോഗപ്പെടുത്തൽ | വർഷത്തിൽ രണ്ട് പ്രാവശ്യം | P.T.A & H.M ലൈബ്രറിയിൽ | സ്പോൺസർഷിപ്പ് |
| • ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | • പരിചയപ്പെട്ടിട്ടുള്ള കവിതകൾ പാഠഭാഗത്തെ ഗദ്യരൂപത്തിലേക്ക് മാറ്റൽ<br>• ദൃശ്യാവിഷ്കാരം നടത്തൽ<br>• സംഭാഷണം നടത്തൽ | | | |
| • സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ | കഥയരങ്ങ് / കവിയരങ്ങ് എന്നിവ സംഘടിപ്പക്കൽ | 4 മാസത്തിലൊരിക്കൽ | വിദ്യാരംഗം കലാസാഹിത്യ വേദി | സ്പോൺസർഷിപ്പ് |

**പേര് : അറബിഭാഷ**

**മേഖല : അക്കാദമികം / ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • അറബി പഠനം കാര്യക്ഷമമാക്കൽ | June : വായനവാരം : വായനകാർഡ്, ചിത്രവായന, അക്ഷരകാർഡ്<br>July : ചാന്ദ്രദിനം, അറബിമാസങ്ങൾ പരിചയപ്പെടുത്തൽ അമാവാസി പ്രദർശനം<br>Aug : ദേശാഭിമാനികൾ, സ്വതന്ത്ര്യസമരസേനാനികൾ പതാക നിർമ്മാണം, നിറങ്ങൾ പരിചയപ്പെടൽ<br>Sep : അദ്ധ്യാപക ബഹുമാനം മുതിർന്നവരെ ബഹുമാനിക്കൽ ബോധവൽക്കരണം<br>oct : ഗാന്ധി ചിത്രപ്രദർശനം രാഷ്ട്രപിതാവിനെ പരിചയപ്പെടൽ<br>Nov : നെഹ്രു ജീവചരിത്രം ICTപ്രദർശനം<br>Dec : അറബിക് ദിനാചരണം, അസംബ്ലി, പ്രസംഗം, പ്രതിജ്ഞ, അറബിഭാഷാ പ്രാധാന്യം Poster കാലിഗ്രാഫി പരിചയപ്പെടൽ<br>Jan : ഇന്ത്യചരിത്രം ICTഭരണഘടന മനസിലാക്കൽ<br>Feb : പഠനോത്സവം, സംഘഗാനം, കഥ, Poster | June<br>February | | |

**പേര് : രാഷ്ട്രഭാഷ, ശ്രേഷ്ഠഭാഷ**

**മേഖല / ഉപമേഖല : അക്കാദമികം / ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | June : പരിസ്ഥിതി ദിനപോസ്റ്റർ, വായനാദിന പോസ്റ്റർ, ലഹരി വിരുദ്ധദിന പോസ്റ്റൽ രചന, അക്ഷരങ്ങൾ തിരിച്ചറിയൽ (അക്ഷരകാർഡ്)<br>July : ചാന്ദ്രദിന പോസ്റ്റർ, വായനാ കാർഡ്, കവിത, ചിത്ര ചാർട്ട് രചന, നിറങ്ങൾ തിരിച്ചറിയൽ<br>July : ചാന്ദ്രദിന പോസ്റ്റർ, വായനാ കാർഡ്, കവിത, ചിത്ര ചാർട്ട് രചന, നിറങ്ങൾ തിരിച്ചറിയൽ<br>Aug : സ്വാതന്ത്ര്യദിന പോസ്റ്റർ, പ്രസംഗം, ദേശഭക്തി, ഗാനാലാപനം, സ്വാതന്ത്ര്യസമര സേനാനികൾ ആൽബം.<br>Sep : ഹിന്ദി ദിനാചരണം പോസ്റ്റർ രചന, ഹിന്ദി പഖ് വാഡാ, അസംബ്ലി (പ്രതിജ്ഞ, പ്രസംഗം, സംഘ ഗാനം, പത്രവായന, പതിപ്പുകൾ പ്രദർശനം)<br>oct : മഹത് വ്യക്തിത്വങ്ങൾ ചിത്രചാർട്ട് നിർമ്മാണം, ലേഖനം - വായന, ഗാന്ധിസൂക്തങ്ങൾ തയ്യാറാക്കൽ<br>Nov : ബാലദിന പോസ്റ്റർ രചന, വാചൻ കാർഡുകൾ, കവിതാചാർട്ടുകൾ വായന<br>Dec : ഉത്സവങ്ങൾ - ലേഖനം, വായന<br>Jan : പഠനോത്സവം, സുരീലി ഉത്സവം, പതിപ്പ്, നാടകീകരണം, സംഘഗനം, സംഘനൃത്തം<br>Feb : ഹിന്ദി ബുള്ളറ്റിൻ തയ്യാറാക്കൽ | മാസത്തിൽ ഒന്ന് വീതം | ഹിന്ദി ക്ലബ്ബ് | 5000/- S.S.G |

**പേര് : പക്ഷിനിരീക്ഷണം**

**മേഖല / ഉപമേഖല : അക്കാദമികം / ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പക്ഷിനിരീക്ഷണം നടത്തൽ | വിവിധ തരം പക്ഷകളെ നിരീക്ഷിച്ച് അവയുടെ പ്രത്യേകതകൾ കണ്ടെത്താൻ നോട്ട് ബുക്കിൽ രേഖപ്പെടുത്തൽ | പ്രതിമാസം ഒന്ന് | ക്ലാസ് ടീച്ചേഴ്സ് | |

**പേര് : ശാസ്ത്ര പോഷണ പരിപാടി**

**മേഖല / ഉപമേഖല : അക്കാദമികം / ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ അനിവാര്യത ശാസ്ത്ര രീതി എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസുകൾ സംഘടിപ്പിക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | സയൻസ് ക്ലബ്ബ് | |

**പേര് : ശാസ്ത്ര യാത്രകൾ**

**മേഖല / ഉപമേഖല : അക്കാദമികം / ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രീയ പഠനം രസകരമാക്കൽ | ശാസ്ത്രപ്രദർശനങ്ങൾ നിരീക്ഷിക്കുന്നതിനുള്ള യാത്രകൾ | പ്രതിവർഷം ഒന്ന് | സയൻസ് ക്ലബ്ബ്<br>PTA | 1000 |

**പേര് : മേളകൾ**

**മേഖല / ഉപമേഖല : അക്കാദമികം / ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസിലാക്കക | സ്കൂൾ തല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക. ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | |

**പേര് : പരീക്ഷണങ്ങൾ**

**മേഖല / ഉപമേഖല : അക്കാദമികം / ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രത്തിലെ പരീക്ഷണ ഉപകരണങ്ങൾ കൈകാര്യം ചെയ്യൽ | പാഠപുസ്തകങ്ങളിലെ ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യുന്നതിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക | പ്രതിമാസ പരിപാടി | സയൻസ് ക്ലബ്ബ്<br>സയൻസ് അധ്യാപകർ | |

**പേര് : ശാസ്ത്ര വായന**

**മേഖല / ഉപമേഖല : അക്കാദമികം / ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രത്തിലെ പുതിയ വാർത്തകൾ അറിയൽ | സ്കൂൾ അസംബ്ലിയിൽ ശാസ്ത്രവാർത്തകൾ വായിക്കുക, ശാസ്ത്രജ്ഞന്മാരെ കുറിച്ച് അറിയുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | ക്ലാസ് അധ്യാപകർ | |

**സാമൂഹ്യശാസ്ത്രം**

**പ്രകൃതി ദുരന്തങ്ങളെ മനസ്സിലാക്കൽ**

**മേഖല : സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് പഠിതാക്കളെ മനസ്സിലാക്കുന്നു. | പ്രകൃതി ദുരന്തങ്ങളെ നേരിടാം. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് പഠിതാക്കൾക്ക് വിശദീകരണം നൽകുന്നു. പ്രകൃതി ദുരന്തമുണ്ടായാൽ എങ്ങിനെ നേരിടണം, മുൻകരുതലുകൾ, ബോധവത്കരണം | ജൂൺ, ജൂലായ് | സാമൂഹിക ശാസ്ത്ര അധ്യാപകൻ | |

**പരിസ്ഥിതി സംരക്ഷണത്തിന്റെ നേർകാഴ്ച**

**മേഖല സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതി സംരക്ഷണ മനോഭാവം വളർത്തൽ | പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പോസ്റ്റർ, റാലി, വിസ് എന്നീ മത്സരങ്ങൾ നടത്തുന്നു. വൃക്ഷതൈകൾ നടുന്നു, കാവുകൾ, നദീതീരങ്ങൾ എന്നിവ സന്ദർശിക്കുന്നു. | ജൂൺ, ജൂലൈ, ആഗസ്റ്റ് | സാമൂഹിക ശാസ്ത്ര അധ്യാപകർ | പി.ടി.എ |

**പ്രവർത്തനം : 3**

**പേര് : പഠനയാത്രകൾ**

**മേഖല : അക്കാദമികം / സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | മാസത്തിൽ ഒന്നു വീതം | എസ്.ആർ.ജി | |

**പ്രവർത്തനം : 4**

**ഡിബേറ്റ് ക്ലബ്**

**മേഖല : അക്കാദമികം / സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആധുനികവും ആനുകാലികവുമായ വിഷയങ്ങളെകുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക. | സമകാലിക പ്രസക്തിയുള്ള സാമൂഹിക, ശാസ്ത്ര വിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ ഡിബേറ്റ് തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്നു വീതം | സാമൂഹിക ശാസ്ത്ര അധ്യാപകൻ | |

**പ്രവർത്തനം : 5**

**പേര് : മോക്ക് പാർലമെന്റ്**

**മേഖല : അക്കാദമികം / സാമൂഹിക ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് വെച്ചുള്ള വോട്ടെടുപ്പ്, സ്കൂൾ പാർലിമെന്റ് രൂപീകരിക്കൽ | | എസ്.ആർ.ജി<br>സ്കൂൾ പാർലമെന്റ് | |

**പ്രവർത്തനം : 6**

**പേര് : സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ**

**മേഖല : അക്കാദമികം / സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ അറിവിലേക്ക് പ്രവേശിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹിക ശാസ്ത്ര ക്ലബ് | |

**പേര് : മൺമറഞ്ഞ ആഹാരം**
**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടുത്തൽ | കേരളത്തിൽ നിലനിന്നിരുന്ന ആഹാര സാധനങ്ങളുടെ പാകം ചെയ്യുന്നവിധം ചാർട്ടിൽ എഴുതുന്നു.<br>വിവിധ തരം പലഹാരങ്ങളോടെ പ്രദർശനം | ഒരു വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി<br>പി.ടി.എ | |

**പേര് : ഫാസ്റ്റ് ഫുഡ് – ഫാസ്റ്റ് ടു ഡെത്ത്**
**മേഖല : അക്കാദമികം / സാമൂഹിക ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഫാസ്റ്റ് ഫുഡിന്റെ ഗുണ ദോഷങ്ങളെക്കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തൽ | ഫാസ്റ്റുഫുഡുകളെ പട്ടികപ്പെടുത്തുന്നു. അതിൽ ചേർക്കുന്ന വസ്തുക്കൾ കണ്ടെത്തുന്നു. അതിനു ശേഷം ഫാസ്റ്റ് ഫുഡിന്റെ ഗുണദോഷങ്ങളുടെ സംവാദം | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹിക ശാസ്ത്ര അധ്യാപകൻ | |

**പേര്: ചരിത്ര കലണ്ടർ**
**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചരിത്രബോധം വളർത്തിയെടുക്കൽ | ജനുവരി മുതൽ ഡിസംബർ വരെയുള്ള 12 മാസങ്ങൾ മുഴുവൻ തിയ്യതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുക (Chart). ചരിത്രവുമായി ബന്ധപ്പെട്ട് ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തിയ്യതിക്കു താഴെ ഒട്ടിക്കുക (പേപ്പർ കട്ടിങ്ങ്സ്) | മാസത്തിൽ | എസ്.ആർ.ജി | |

**പേര് : പൂർവ്വവിദ്യാർത്ഥി സംഗമങ്ങൾ**
**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | പൂർവ്വവിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ. അവരുടെ മുമ്പിൽ വിദ്യാലത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ / ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | എസ്.ആർ.ജി<br>ഒ.എസ്.എ | 5000/-<br>ഒ.എസ്.എ |

**പേര് : പൂർവ്വാദ്ധ്യാപക സംഗമം**
**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | പൂർവ്വാദ്ധ്യാപകരെ വിളിച്ചു ചേർത്ത് സമിതി രൂപീകരിക്കൽ | 2 വർഷത്തിലൊരിക്കൽ | സ്റ്റാഫ് കൗൺസിൽ | 1000/-<br>(സ്റ്റാഫ് ഫണ്ട്) |

**പേര് : പഠനക്കൂട്ടങ്ങൾ**
**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികവുകളുടെ അവതരണം. പഠനം കാര്യക്ഷമമാക്കൽ | പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്കുവേണ്ടി അക്ഷരച്ചെപ്പ്, കുഞ്ഞുല്ലാസം എന്നീ പുസ്തകങ്ങളുടെ രൂപീകരണം. LSS, USS പരീക്ഷകൾക്ക് കുട്ടികളെ തയ്യാറാക്കുന്നതിനുവേണ്ടി പ്രത്യേക പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കൽ കുട്ടികൾക്കായി Daily Quiz നടത്തൽ ഓരോ മാസത്തിലെയും ദിനാചരണങ്ങൾ നടത്തി കുട്ടികളെ ബോധ്യപ്പെടുത്തൽ. | ആഴ്ചയിൽ ഒരു ദിവസം ബാലസഭ സംഘടിപ്പിക്കൽ മികവുകളുടെ വിലയിരുത്തൽ | എസ്.ആർ.ജി, പി.ടി.എ, എസ്.എസ്.ജി | 5000/-<br>(സ്പോൺസർഷിപ്പ്) |

**പേര് : കലാമണ്ഡലം**

**മേഖല / ഉപമേഖല : കലാ വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കലാവാസനകൾ പരിപോഷണം | നൃത്തം, സംഗീതം മുതലായവയിൽ പരിശീലനം. ആഴ്ചയിൽ ഒരു ദിവസം അവധി ദിവസവും പരിശീലനവും | അവധി ദിനങ്ങൾ | കലാദ്ധ്യാപകർ |

**പേര് : കായിക പരിശീലനം**

**മേഖല / ഉപമേഖല : കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| • കായിക പരിശീലനം കാര്യക്ഷമമാക്കൽ.<br>• സമ്മാനം നൽകി ആദരിക്കൽ | • കുട്ടികൾക്ക് ആഴ്ചയിൽ രണ്ട് ദിവസം കായിക പരിശീലനം നൽകൽ<br>• സ്കൂൾ ഉപജില്ലാതലവിജയികൾക്ക് സമ്മാനം നൽകൽ | ആഴ്ചയിൽ രണ്ട് ദിവസം | പി.ടി.എ. അധ്യാപകർ |

**കായിക വിദ്യാഭ്യാസം**
**& ആരോഗ്യം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ♦ കായിക പരിശീലനം കാര്യക്ഷമമാക്കൽ. ഗെയിംസ്, ഉപജില്ല മത്സരങ്ങളിൽ കൂടുതൽ കുട്ടികളുടെ പങ്കാളിത്തവും മെഡൽ നേട്ടവും | സ്കൂളിൽ സ്പോർട്സ് ഡേ സംഘടിപ്പിക്കുന്നു. മുഴുവൻ കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നു.<br>താൽപര്യമുള്ള കുട്ടികൾക്ക് Special Coaching നൽകി മുന്നോട്ട് കൊണ്ടു വരുന്നു. മുന്നൊരുക്കങ്ങൾ നടത്തുന്നു. | ജൂലൈ 18, 19<br>ആഗസ്റ്റ്<br>നവംബർ | HM അധ്യാപകർ | |
| ♦ സ്കൂളിലെ മുഴുവൻ കുട്ടികളുടെ ആരോഗ്യ സംബന്ധവും പ്രകടന സംബന്ധവുമായ കായികക്ഷമത ഉറപ്പുവരുത്തുന്നു. | PT പിരീഡിൽ ഫിസിക്കൽ എക്സൈസ്, ഗെയിംസ് എന്നിവ നൽകൽ ഒഴിവു സമയങ്ങളിൽ ക്ലാസ് തലത്തിൽ BMI പരിശോധന നടത്തുക. special assembly Oct - 13 state sports day Aug - 29 National sports day) | ജൂൺ – മാർച്ച് | SRG | |
| ♦ Sports നെ കുറിച്ച് അവബോധം ഉണ്ടാക്കുക. | | October-13<br>Aug - 29 | SRG | |

**പേര് : പോഷകാഹാരപരിപാടി**
**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ♦ ആഴ്ചയിൽ രണ്ടുദിവസം പാലും ഒരു ദിവസം മുട്ട/ പഴം നൽകൽ.<br>♦ ദിവസവും വ്യത്യസ്ത മെനിവച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ<br>♦ ഇലക്കറികളും, പച്ചക്കറികളും, പയർവർഗ്ഗങ്ങളും ഉൾപ്പെടുത്തൽ<br>♦ ബിരിയാണി / ഫ്രൈഡ്റൈസ് മാസത്തിൽ രണ്ട് തവണ നൽകൽ<br>♦ നാടൻ ഭക്ഷണങ്ങൾ ഉൾപ്പെടുത്തി ഭക്ഷ്യമേള സംഘടിപ്പിക്കൽ | ♦ എല്ലാ പ്രവൃത്തി ദിവസങ്ങളിലും<br>♦ വർഷത്തിലൊരിക്കൽ | HM<br>ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചേഴ്സ്<br>പി.ടി.എ | |

**പേര് : യോഗ പരിശീലന കേന്ദ്രം**
**മേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരവും മനസ്സുംം കുട്ടികൾക്ക് പ്രദാനം ചെയ്യൽ | വായുസഞ്ചാരമുള്ള ഒരു മുറി ആവശ്യമായ ഉപകരണങ്ങളോടെ യോഗ പരിശീലനത്തിനു വേണ്ടി സജ്ജമാക്കൽ | ആഴ്ചയിൽ ഒന്നു വീതം | പി.ടി.എ | 2 ലക്ഷം<br>(ജില്ലാ പഞ്ചായത്ത്) |

**പേര് : ജനറേറ്റർ സ്ഥാപിക്കൽ**
**മേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വൈദ്യുതി തടസ്സം പ്രശ്നമാകാതെ വിദ്യാലയ പ്രവർത്തനങ്ങളുടെ സംഘാടനം | കമ്പ്യൂട്ടർ ലാബ്, ഓഫീസ്, ഹൈ - ടെക് ക്ലാസ്റൂം എന്നിവയുടെ പ്രവർത്തനം തോസ്സമില്ലാതെ നടക്കുവാൻ ശബ്ദരഹിത ജനറേറ്റർ സ്ഥാപിക്കൽ | 1 വർഷം | പി.ടി.എ | 10 ലക്ഷം (എം.പി. ഫണ്ട്) |

**പേര് : വെള്ളക്കെട്ട് നിർമ്മാർജനം ചെയ്യാൻ പൈപ്പിടൽ**
**മേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളിലെ വെള്ളക്കെട്ട് ഒഴിവാക്കി വിദ്യാർത്ഥികളുടെ അധ്യയന ദിവസങ്ങൾ സംരക്ഷിക്കാൻ | സ്കൂളിൽ കെട്ടി നിൽക്കുന്ന ജലം വലിയ പൈപ്പ് ഉപയോഗിച്ച് സമീപത്തുള്ള കാനയിലേക്ക് തിരിച്ചു വിടുന്നു. | 1 ആഴ്ച | മാനേജ്മെന്റ് | 3 ലക്ഷം |

**പേര് : ക്ലാസ് മുറികളിൽ T.V സ്ഥാപിക്കൽ**
**മേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളിലെ വിദ്യാർത്ഥികളുടെ പഠനം കൂടുതൽ ലളിതവും ആസ്വാദ്യകരവും ആക്കുന്നതിന്. | സ്കൂളിലെ എല്ലാ ക്ലാസുകളിലും ടി.വി.കൾ സ്ഥാപിക്കുന്നു. | 5 ദിവസം | മാനേജ്മെന്റ് | 2 ലക്ഷം |

| പേര് : കിഡ്സ് പാർക്ക്<br>മേഖല : ഭൗതികം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ | പ്രധാന മന്ദിരത്തിന് മുന്നിലുള്ള മുറ്റത്ത് കിഡ്സ് പാർക്ക് ഒരുക്കൽ മുറ്റം ഉയരംകൂട്ടി ട്രെസ്സ് വർക്ക് ചെയ്യൽ | 1 മാസം | മാനേജ്മെന്റ് | 5 ലക്ഷം |

| പേര് : ശൗചാലയസമുച്ചയം<br>മേഖല : ഭൗതികം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| ശുചിത്വം | സൗകര്യപ്രദമായ സ്ഥലത്ത് ശൗചാലയസമുച്ചയം നിർമ്മിക്കൽ | രണ്ട് വർഷം | മാനേജ്മെന്റ് | 10 ലക്ഷം |

| പേര് : ചുറ്റുമതിൽ<br>മേഖല : ഭൗതികം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| സുരക്ഷിതമായി സ്കൂൾ കാമ്പസിനെ സംരക്ഷിക്കൽ | ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ നിർമ്മിക്കുക മുൻ വശത്തെ ചുറ്റുമതിൽ ആകർഷകമാക്കുക. | 1 വർഷം | മാനേജ്മെന്റ് | 12 ലക്ഷം |

**പേര് : ടൈൽ വിരിക്കൽ അസംബ്ലിഹാൾ**
**മേഖല : ഭൗതികം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| വിദ്യാർത്ഥികൾ കൂടുതൽ സൗകര്യപ്രദമായ രീതിയിൽ അസംബ്ലിയിൽ സംബന്ധിക്കാനും പഠന പ്രവർത്തനങ്ങളും മറ്റ് എക്സ്ട്രാകരിക്കുലർ ആക്ടിവിറ്റികൾ സംഘടിപ്പിക്കുന്നതിനും | കാരാട്ടെ മ്യൂസിക്ക്, ഡാൻസ് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് നടത്താൻ സ്ഥലം ലഭിക്കുന്നു. മഴക്കാലത്ത് അസംബ്ലികൂടുവാൻ സാധിക്കുന്നു. | 1 മാസം | മാനേജ്മെന്റ് | 5 ലക്ഷം |

**പേര് : വർക്ക് ഷീറ്റ് നിർമ്മിക്കൽ**
**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ബാല സാഹിത്യ മാസികകളെ ഫലപ്രദമായ ഉപയോഗിക്കൽ | വായിച്ചു കഴിഞ്ഞ ബാലസാഹിത്യ വാരികകളിലേയും മാസികകളിലേയും ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾ ഭാഗത്തായി ഒട്ടിക്കുന്നു. ഇതിന് അനുയോജ്യമായ, കഥ, കവിത, സംഭാഷണം, അടിക്കുറിപ്പ് എന്നിവ എഴുതി ച്ചേർത്ത് വർക്ക് ഷീറ്റ് തയ്യാറാക്കൽ | മാസത്തിൽ രണ്ടു പ്രാവശ്യം | എസ്.ആർ.ജി | |

**പേര് : മത്സര പരീക്ഷകൾക്ക് പരിശീലനം**
**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറിവിന്റെ ജനകീയവൽക്കരണം | • ദിനാചരണങ്ങളിൽ രക്ഷിതാക്കളെയും നാട്ടുകാരെയും പങ്കെടുപ്പിക്കുന്നു.<br>• ആവശ്യപ്പെടുന്നവർക്ക് പഠനസാമഗ്രികൾ/ പുസ്തകങ്ങൾ നൽകുന്നു.<br>• നാട്ടുകാരിൽ നിന്ന് പുസ്തക ശേഖരണം നടത്തുന്നു. | ഒരു വർഷം | എസ്.ആർ.ജി.<br>പി.ടി.എ | 1000/- |

**പേര് : മാലിന്യ സംസ്ക്കരണം**
**മേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്ക്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | 1 വർഷം | എസ്.എസ്.ജി | 1 ലക്ഷം (ജില്ലാ പഞ്ചായത്ത്) |

**പേര് : ബയോഗ്യാസ് പ്ലാന്റ്**
**മേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | വിദ്യാലത്തിലുണ്ടാകുന്ന ജൈവ മാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചകാവശ്യത്തിനുള്ള ഊർജ്ജം കണ്ടെത്തൽ | 6 മാസം | പി.ടി.എ<br>ഉച്ചഭക്ഷണ കമ്മിറ്റി | 2 ലക്ഷം |

**പേര് : സൗരോർജ്ജപാനൽ**
**മേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാരമ്പര്യേതര ഊർജ്ജ സ്ത്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | അസംബ്ലി ഹാളിനു മുകളിൽ സൗരോർജ്ജപാനൽ സ്ഥാപിച്ച് വിവിധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കൽ | 3 വർഷം | പി.ടി.എ | 10 ലക്ഷം (സി.എസ്.ആർ.ഫണ്ട്) |

**പേര് : ജന്മദിനത്തിനൊരു പുസ്തകം**
**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പുസ്തക പരിചയപ്പെടാനുള്ള അവസരമൊരുക്കൽ | ഓരോ കുട്ടിയും ജന്മദിനത്തിന്റെ അന്ന് സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകം കൈമാറുന്നു. | വർത്തിൽ ഒരു വട്ടം | എസ്.ആർ.ജി<br>പി.ടി.എ | |

**പേര് : ജൈവവൈവിധ്യാപാർക്ക്**
**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ➢ പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക<br>➢ വിദ്യാലയത്തിന്റെ ചുറ്റുമുള്ള കാര്യങ്ങൾ കണ്ടെത്തുക അടുത്തറിയുക | ➢ സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യപാർക്ക് നിർമ്മിക്കൽ<br>➢ ദൈവവൈവിധ്യപാർക്കിൽ കണ്ടെത്തിയ കാര്യങ്ങൾ ലിസ്റ്റ് ചെയ്യുക.<br>➢ പാർക്കിൽ കണ്ടെത്തിയവ വിവിധ മാനദണ്ഡത്തിൽ തരംതിരിക്കുക | ഒരു പ്രാവശ്യം | എസ്.ആർ.ജി | 25000/-<br>എസ്.എസ്.എ |

**പേര് : മേളകൾ**
**മേഖല : ശാസ്ത്രം, പ്രവൃത്തി പരിചയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ➢ ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക<br>➢ വിവിധതരം കൈ തൊഴിലുകൾ അഭ്യസിപ്പിക്കുക | ➢ സ്കൂൾ തല ശാസ്ത്ര പ്രവൃത്തി പരിചയമേളയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കൽ<br>➢ ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ്, അധ്യാപകർ, പി.ടി.എ | |

**പേര് : 50 കവികൾ 50 കവിതകൾ**
**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കവികളെയും കൃതികളെയും പരിചയപ്പെടാൻ അവസരമൊരുക്കൽ | 50 കുട്ടികൾക്ക് 50 കവികളുടെ പേരുകൾ നൽകുന്നു. ഓരോ കുട്ടിയും അവർക്ക് ലഭിച്ചിരിക്കുന്ന കവിയുടെ ഒരു കവിതയും കവിയുടെ ലഘു ജീവ ചരിത്രവും തയ്യാറാക്കുന്നു. | വർത്തിൽ ഒരു വട്ടം | എസ്.ആർ.ജി<br>പി.ടി.എ | |

**പേര് : ജീവകാരുണ്യ പ്രവർത്തനം**
**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാമൂഹിക പ്രതിബന്ധത വളർത്തൽ | ➢ 'സാന്ത്വനം' എന്ന പേരിൽ സ്കൂളിൽ ഒരു തനതു പ്രവർത്തനം രൂപീകരിയ്ക്കുന്നു.<br>➢ കുട്ടികളുടെ ലഘു സംഭാവനകൾ സമൂഹത്തിലെ അശരണരായ വ്യക്തികൾക്ക് നൽകുന്നു. | അക്കാദമിക വർഷം | | |

**പേര് : മൂല്യനിർണ്ണയം**
**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനമികവ് (കല / കായികം/അക്കാദമികം) തിരിച്ചറിയാൻ | ➢ സ്വാഭാവിക മൂല്യനിർണ്ണയം നടത്തുന്നു.<br>➢ നിരന്തര മൂല്യനിർണ്ണയം നടത്തുന്നു.<br>➢ സമ്മേറ്റീവ് അസസ്സ്മെന്റ് നടത്തുന്നു. | അക്കാദമിക വർഷം | | |

**പേര് : സുരക്ഷിതയാത്ര / റോഡ് സുരക്ഷ**
**മേഖല : സാമൂഹികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരക്ഷിതമായി കുട്ടികളെ സ്കൂളിലെത്തിക്കൽ | ➢ അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികലെ വാഹനത്തിൽ കയറ്റുകയും ഇറക്കുകയും ചെയ്യുന്നു.<br>➢ കാൽനടയാത്രക്കാരായ കുട്ടികളെ അധ്യാപകർ ബോധവത്ക്കരിയ്ക്കുന്നു.<br>➢ വാഹനങ്ങളിൽ ആയമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു.<br>➢ സ്കൂൾ വാഹനത്തിന്റെ രേഖകളും ഡ്രൈവർമാരുടെ വ്യക്തിഗത വിവരങ്ങളും സ്കൂളിൽ സൂക്ഷിയ്ക്കുന്നു.<br>➢ കുട്ടികൾ ID card ധരിയ്ക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നു. | | | |

**പേര് : അധ്യാപകശാക്തീകരണം**
**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അധ്യാപകരുടെ സമഗ്ര വികസനം | ➢ അധ്യാപക പരിശീലനം<br>➢ ക്ലസ്റ്റർ മീറ്റിംഗുകൾ<br>➢ സെമിനാറുകൾ<br>➢ മേളകളോടനുബന്ധിച്ചുള്ള മത്സരങ്ങൾ<br>➢ ICT പരിശീലനം<br>➢ ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസ പരിശീലനം<br>➢ മൂല്യപഠനം, ലൈഫ് സ്കിൽ<br>➢ വിദ്യാഭ്യാസം ഭിന്നശേഷി കുട്ടികളെ പരിശീലിപ്പിക്കൽ | അക്കാദമിക വർഷം | | |

# വിദ്യാർത്ഥികൾ 2025 – 26

| STD | No.of Divisions | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|---|
| 1 | 3 | 39 | 36 | 75 |
| 2 | 3 | 31 | 33 | 64 |
| 3 | 3 | 31 | 35 | 66 |
| 4 | 3 | 39 | 33 | 72 |
| 5 | 3 | 51 | 45 | 96 |
| 6 | 3 | 49 | 44 | 93 |
| 7 | 3 | 44 | 41 | 85 |
| ആകെ | | **284** | **267** | **551** |